# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4558 — 29.06.2012 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### "ഗ്രാമീണതൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി യുടെ നടത്തിപ്പിനായി ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളിൽ 522 അക്രഡിറ്റഡ് എഞ്ചിനീയർമാരെയും, 967 ഓവർസിയർ മാരെയും, 1549 അക്കൗണ്ടന്റ് - കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്തെല്ലാ മാണെന്ന് പറയുമോ; | (ബി) | ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ അസിസ്റ്റന്റ് എഞ്ചിനീയറായും ഗ്രാമ പഞ്ചായത്തു തലത്തിൽ അഗ്രികൾച്ചർ എഞ്ചിനീയറിംഗ്/ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ അസിസ്റ്റന്റ് എഞ്ചിനീയറായും അവരുടെ അഭാവത്തിൽ അഗ്രികൾച്ചർ എഞ്ചിനീയറിംഗ്/ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമാധാരികളെ ഓവർസിയറായും കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഗ്രാമ/ ബ്ലോക്ക് തലത്തിൽ ബികോം + പി.ജി. ഡി. സി. എ ബിരുദധാരികളെ അക്കൗണ്ടന്റ് - കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരായി നിയമിക്കുവാൻ അനുവാദമുണ്ട്. ഇതു കൂടാതെ, മുൻ വർഷം 60 ലക്ഷത്തിലധികം രൂപ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ മുകളിൽ പറഞ്ഞ യോഗ്യതകളുള്ള ഒരു |

അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ, ഒരു അക്കൗണ്ടന്റ് - കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെകൂടി കരാറടിസ്ഥാനത്തിൽ അധികമായി നിയമിക്കുവാനും അനുവാദം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിയമനങ്ങളിൽ സംസ്ഥാനത്ത് നിലവിലുളള സംവരണ തത്വം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ല

(ഡി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്ക് 12 ദിവസത്തെ യാദൃശ്ചികാവധി, 15 ദിവസത്തെ ആർജിതാവധി സറണ്ടർ ചെയ്യുന്നതിനുള്ള അനുവാദം എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ, ക്ലാസ്സ് III ജീവനക്കാരുടെ യാത്രാബത്തയ്ക്കും ഇവർക്ക് അർഹതയുണ്ട്. പ്രതിമാസ വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | പ്രതിമാസ വേതനം (രൂപയിൽ) |
|---|---|
| അക്കൗണ്ടന്റ്- കം -ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 10,000/- |
| അക്രഡിറ്റഡ് എഞ്ചിനീയർ | 12000 + 1000 (സ്ഥിരം യാത്രാ ബത്ത) |
| ഓവർസിയർ | 10,000 + 1000 (സ്ഥിരം യാത്രാ ബത്ത) |

(ഇ) പദ്ധതിയാരംഭത്തിൽ നിയമിക്കപ്പെട്ടവരിൽ എത്ര പേർ ഇതിനകം ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഇ) പദ്ധതിയാരംഭത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരിൽ 91 പേരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ